بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 09.09.16 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*09.09.16 ന് ബയ്ത്തുസ്സുബൂഹ് ഫ്രാങ്കഫോർട്ട് (ജർമനി) നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**'ഒരുകാര്യം നമ്മൾ ഓർമിക്കേണ്ടതാണ്. മറ്റുള്ളവരുമായി സംസാരിക്കുമ്പോൾ, നമ്മുടെ ദീനിനേയും മതത്തേയും പാരമ്പര്യങ്ങളേയും കുറിച്ച് സംസാരിക്കുമ്പോൾ നിങ്ങൾ പറയുന്ന കാര്യങ്ങൾ അവർ ഉൾക്കൊള്ളാനും മറ്റുള്ളവരുടെ വികാരങ്ങൾ വ്രണപ്പെടാതിരിക്കാനും യുക്തിയോടുകൂടി സംസാരിക്കേണ്ടതാണ്.**
**ഓർക്കുക! നമ്മൾ ബലാൽക്കാരമായി ആരേയും വിശ്വസിപ്പിക്കേണ്ടതില്ല. എന്നാൽ, നമ്മുടെ അധ്യാപനങ്ങളിൽനിന്ന് പിന്മാറാനും പാടില്ല. ഒരു കാര്യത്തിലും, ദീനിന്റെ കാര്യത്തിലും നമ്മൾ ലജ്ജിക്കേണ്ട ആവശ്യവുമില്ല. ഇസ്ലാമിക അധ്യാപനം എത്രകണ്ട് ഉന്നതമാണെന്ന് പറഞ്ഞാൽ ഒരു അഹ്മദി പെൺകുട്ടിക്കും ആൺകുട്ടിക്കും സ്ത്രീക്കും പുരുഷനും അപകർഷതാബോധം ഉണ്ടാകേണ്ടതില്ല. നമുക്ക് ലോകത്തെ ഇസ്ലാമിന്റെ കൊടിക്കീഴിൽ കൊണ്ടുവരണമെങ്കിൽ നമുക്ക് എല്ലാ കാര്യങ്ങളിലും നമ്മുടെ കർമപരമായ മാതൃക സമർപിക്കേണ്ടിവരും, ധൈര്യവും കാണിക്കേണ്ടിവരും.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനുശേഷം അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

അല്ലാഹുവിന്റെ കൃപയാൽ മൂന്നുദിവസത്തെ സമ്പൂർണ പരിപാടികൾക്കുശേഷം ജർമനി അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസസാലാന കഴിഞ്ഞ ഞായറാഴ്ച സമാപിച്ചു. സകല പ്രവർത്തകരും നമ്മുടെ നന്ദിക്കർഹരാണ്. അല്ലാഹു അവർക്ക് പ്രതിഫലം നല്കുമാറാകട്ടെ. ഞാനും ഈ പ്രവർത്തകർക്കെല്ലാം നന്ദി പറയുകയാണ്. അല്ലാഹു ഇവർക്ക് ഭാവിയിലും ആദ്യത്തെക്കാളുപരി സേവനം ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ.

ജൽസ നടക്കുന്നതിന്നിടയിൽ അന്യരിലുണ്ടായ പ്രതികരണത്തിൽനിന്ന് ചില സംഭവങ്ങൾ അവതരിപ്പിക്കുകയാണ്. ബോസ്നിയായിൽനിന്നു വന്ന ഒരു അതിഥി ഇബ്റാഹീമോ സാഹിബ് പറയുന്നു:'വിശുദ്ധ ഖുർആനിന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്ന അഹ്മദിയ്യത്തു തന്നെയാണ് യഥാർഥ സത്യം. ഖലീഫത്തുൽമസീഹിന്റെ പ്രഭാഷണങ്ങളും പ്രസംഗങ്ങളുമാണ് എന്നെ ഏറ്റവുമധികം സ്വാധീനിച്ചത്.' പറയുന്നു:'എന്റെ മനസ്സിന് എല്ലാ വിധത്തിലും തൃപ്തിയായി. ഞാൻ ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചിരിക്കുന്നു. എന്നെ നിങ്ങളുടെ സംഘടനയുടെ സ്നേഹവും സമാധാനവും ഉന്മത്തനാക്കിയിരിക്കുകയാണ്.'

ഇറാഖിലെ ഒരു സ്നേഹിതൻ രിയാള് സാഹിബ് പറയുന്നു:'ജൽസസാലാനയിലെ ദൃശ്യം എനിക്ക് അങ്ങേയറ്റം അത്ഭുതമുളവാക്കുന്നതായിരുന്നു. സുഹൃദ്ബന്ധത്തിന്റേയും സാഹോദര്യത്തിന്റേയും ഈ അന്തരീക്ഷം ഞാൻ വിചാരിക്കുന്നത് അഹ്മദിയ്യത്തിലല്ലാതെ മറ്റെങ്ങും കാണുകയില്ലെന്നാണ്.' പറയുന്നു:'എനിക്ക് എല്ലായിടത്തും സ്നേഹം തന്നെയാണ് കാണാൻ കഴിഞ്ഞത്. ഖലീഫയുടെ പ്രഭാഷണങ്ങൾ മാനസികമായ വികാരങ്ങളുടെ ഛായചിത്രം രചിക്കുന്നു.' പറയുന്നു:'ലോകത്ത് ഇസ്ലാമിന്റെ ഈ അങ്ങേയറ്റം മനോഹരമായ ചിത്രം മറ്റൊരു കക്ഷിയുടെ പക്കലുമില്ലെന്ന് ഞാൻ ആണയിട്ടു പറയുന്നു. അതുകൊണ്ട് എല്ലാം കണ്ണുകൊണ്ടു കണ്ടതിനുശേഷം എനിക്കും എന്റെ കുടുംബത്തിനും അഹ്മദിയ്യത്തു സ്വീകരിക്കുന്നതിൽ അല്പംപോലും തടസ്സമുണ്ടായില്ല. മടങ്ങിവന്ന് ഞങ്ങൾ ഞങ്ങളുടെ ബന്ധുക്കളോടു ഇതെല്ലാം പറഞ്ഞപ്പോൾ, അതായത് ഞങ്ങൾ അഹ്മദിയ്യത്ത് സ്വീകരിച്ചുവെന്ന് പറഞ്ഞപ്പോൾ നിങ്ങൾ ഞങ്ങളോടു എന്തുകൊണ്ട് പറഞ്ഞില്ലെന്നും തങ്ങളെ എന്തുകൊണ്ട് കൂടെകൊണ്ടുപോയില്ലെന്നും ചോദിക്കുകയും തങ്ങളും ഇതെല്ലാം കേട്ട് ജമാഅത്തിൽ പ്രവേശിക്കാനാഗ്രഹിക്കുന്നുവെന്ന് പറയുകയും ചെയ്തു.'

ഒരു സ്നേഹിതൻ സൽമാൻ സാഹിബ് പറയുന്നു: 'ജൽസയുടെ അന്തരീക്ഷം എന്നെ ഹഠാദാകർഷിച്ചു. ഇത്തരം വ്യവസ്ഥാപിതമായി നടന്ന സമ്മേളനം ഞാൻ എന്റെജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ല. ജനങ്ങളുടെ സൽസ്വഭാവങ്ങളും അവരുടെ ഉത്തമമായ പെരുമാറ്റവും സന്തോഷത്തിന്റേയും സ്നേഹത്തിന്റേയും അന്തരീക്ഷവുമൊന്നും ലോകത്ത് അഹ്മദിയ്യത്തിലല്ലാതെ മറ്റൊരിടത്തും ഇക്കാലത്ത് കാണാൻ കഴിയുകയില്ല. ഇക്കാര്യങ്ങൾ കണ്ടുകൊണ്ട് ഞാൻ ഇന്ന് അഹ്മദിയ്യാ ജമാഅത്തിൽ ചേരുന്നതായി പ്രഖ്യാപിക്കുന്നു.'

ബോസ്നിയായിലെ ഒരു അതിഥി ബായിറൻ സാഹിബ് പറയുന്നു:'ആദ്യമായിട്ടാണ് ജൽസ സാലാനയിൽ പങ്കെടുന്നത്. ഈ ജമാഅത്ത് സത്യമായ ജമാഅത്താണ്. അത് സിറാത്തെ മുസ്തഖീമിൽ നിലകൊള്ളുന്നു. ജൽസയിൽ ഞാൻ കാലത്തിന്റെ ഖലീഫയുടെ കാര്യങ്ങൾ കേട്ടപ്പോൾ അദ്ദേഹത്തിന്റെ കൈയിൽ ബയ്അത്ത് ചെയ്യാൻ ഞാൻ തീരുമാനിക്കുകയും ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു.'

ബൽജിയത്തിൽനിന്നുവന്ന ഒരു അതിഥി ഗരിയോ

സാഹിബ് പറയുന്നു:'ഇതുതന്നെയാണ് ദീനെ ഇസ്‌ലാമെന്ന് ഞാൻ എല്ലാ മുസ്‌ലീംകളോടും പറയുന്നു. ഈ ഇസ്‌ലാം- അഹ്മദിയ്യത്തിൽ പ്രവേശിക്കുക. ഇന്ന് ഖലീഫയുടെ മുമ്പിൽ ബയ്അത്തു ചെയ്യാൻ ഹാജരാകുക എന്നത് എനിക്ക് വിശ്വസിക്കാൻ പറ്റാത്ത കാര്യമാണ്. 14 വയസ്സുമുതൽ എനിക്കോർമയുണ്ട് ഞാൻ മൗലവിമാരിൽനിന്ന് കാത്തിരിക്കുന്ന മഹ്ദി വരുമെന്നുള്ള ഹദീഥുകൾ കേട്ടിരുന്നു. ഇന്ന് എന്റെ ആ ആഗ്രഹം പൂർത്തിയായി. ഞാൻ എല്ലാം എന്റെ കണ്ണുകൊണ്ട് കണ്ടിരിക്കുന്നു.'

മസിഡോണിയായിലെ(Macedonia)പത്രപ്രവർത്തകനായ ഒരു ക്രൈസ്തവ സ്നേഹിതൻ ടോണി സാഹിബ് പറയുന്നു: 'എനിക്കിപ്പോൾ 52 വയസ്സുണ്ട്. ഞാൻ എന്റെ ജീവിതത്തിൽ ഇതുപോലുള്ള സുസംഘടിതമായ സമ്മേളനം കണ്ടിട്ടില്ല. ജൽസയുടെ സജ്ജീകരണങ്ങളിൽ എനിക്ക് ഒരു കുറവും കാണാൻ കഴിഞ്ഞില്ല; യു.കെ.യിലും ഇവിടേയും. പത്രപ്രവർത്തകൻ വളരെ വിമർശന ദൃഷ്ടിയോടെയാണ് കാര്യങ്ങൾ നോക്കിക്കാണുന്നത്. പക്ഷേ, എല്ലായിടത്തും ഒരുപോലെ കാണാൻ കഴിയുന്നുവെന്നത് അഹ്മദിയ്യത്തിന്റെ മനോഹാരിതയാണ്.'

അനഹ്മദി മുസ്‌ലിം പത്രപ്രവർത്തകനായ സീനാദ് സാഹിബ് പറയുന്നു:'ജൽസസാലാനയുടെ സജ്ജീകരണങ്ങൾ എന്നെ വല്ലാതെ ആകർഷിച്ചിരിക്കുന്നു. ഒരിടത്ത് ഇത്രയധികം എണ്ണത്തിൽ ആളുകൾ സംഘടിച്ചിരിക്കുന്നത് ആദ്യമായിട്ടാണ് ഞാൻ കാണുന്നത്. എല്ലാവരും സംസ്കാരസമ്പന്നരാണ്. ആരുടെ മുഖത്തും ദ്വേഷത്തിന്റേയോ വെറുപ്പിന്റേയോ ലക്ഷണമൊന്നുമില്ല. ഖലീഫയുടെ പ്രസംഗങ്ങൾ പ്രൗഢോജ്ജ്വലമായിരുന്നു. അത് എല്ലാവരിലും സ്വാധീനം ചെലുത്തിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ജനങ്ങളുടെ മനസ്സുവരെ എത്തിക്കൊണ്ടിരുന്നു. എന്നോടൊപ്പം ഒരു സ്നേഹിതനും വന്നിട്ടുണ്ടായിരുന്നു. അദ്ദേഹം ക്രിസ്ത്യാനിയാണ്. ജൽസയുടെ ആരംഭംമുതൽ അദ്ദേഹം എത്രമാത്രം ആകർഷിതനായിരുന്നുവെന്നാൽ വിവരിക്കാൻ വാക്കുകളില്ല.'

ബോസ്‌നിയായിൽ നിന്നുള്ള ഒരു സ്നേഹിതൻ ഡോക്ടർ ആദിൽ പറയുന്നു: ജൽസയിലെ എല്ലാ സജ്ജീകരണങ്ങളും പരപാടികളും അതിന്റെ ഗുണമേന്മയിൽ അതുല്യമായിരുന്നു.' പറയുന്നു:'ഞാൻ ഒരു ഡോക്ടറെന്ന നിലയിൽ കഴിഞ്ഞ 25 വർഷമായി വിവിധ പരിപാടികളിൽ പങ്കെടുത്തുവരുന്നു. പക്ഷേ, ഇത്തരത്തിലുള്ള സജ്ജീകരണങ്ങളും ഏർപാടുകളും ഒരുക്കങ്ങളും എനിക്കെവിടേയും കാണാൻ കഴിഞ്ഞിട്ടില്ല.' പറയുന്നു:'ഇസ്‌ലാമിന്റെ അടിത്തറ അനുസരണത്തിലും ഏർപാടുകളിലും വ്യവസ്ഥകളിലുമാണ്. ഇക്കാര്യംതന്നെയാണ് എനിക്കിവിടെ ജൽസയിൽ കാണാൻ കഴിഞ്ഞതും.'

ഒരു അതിഥി ദാനിയാൽ സാഹിബ് പറയുന്നു:ഈ ജൽസ ആയിരക്കണക്കിന് ആത്മീയമായി മരിച്ചവർക്ക് ജീവൻ നല്കുന്നതായിരുന്നു. ആ ആത്മീയ മൃതരിൽ ഒരാൾ ഞാനുമാണ്. ജൽസയിൽ പങ്കെടുത്ത എനിക്ക് വീണ്ടും ആത്മീയ ജീവിതം നല്കപ്പെട്ടു.

ബോസ്നിയായിൽനിന്ന് ജമാഅത്തിൽപ്പെടാത്ത നൂരിയാ സാഹിബ് പറയുന്നു:'ജൽസയിൽ പങ്കെടുത്തതിനുശേഷം എന്റെ മനസ്സിൽ അത്ഭുതകരമായ ഒരു അവസ്ഥ ഉണ്ടായിരിക്കുന്നു. അത് വിവരണാതീതമാണ്. ഞാൻ ആഭ്യന്തരമായി മാറിക്കഴിഞ്ഞിരിക്കുന്നു.'

റൊമാനിയാ(Romania)യിൽനിന്ന് ഒരു നവ അഹ്മദി ഫ്‌ലോറിയാൻ സാഹിബ് പറയുന്നു:'ജൽസയുടെ എല്ലാ സജ്ജീകരണങ്ങളിലും ഞാൻ വളരെ ആകർഷിതനാണ്. എല്ലാ സജ്ജീകരണങ്ങളും വളരെ തികവുറ്റതും അതുല്യവും ഏറ്റവും നല്ലതുമായിരുന്നു. ഏതെങ്കിലും സജ്ജീകരണത്തെ കുറിച്ച് അതിൽ എന്തെങ്കിലും കുറവുണ്ടെന്നോ പോരായ്മയുണ്ടെന്നോ പറയാൻ വളരെ പ്രയാസമാണ്. ഒരു പ്രത്യേകാവസ്ഥ എന്റെ മനസ്സ് അനുഭവിച്ചറിഞ്ഞു. ബയ്അത്തിന്റെ നേരത്ത് എന്റെ രോമകൂപങ്ങൾ എഴുന്നുനിന്നു. ഒരു കാന്തിക ഫീൽഡായതുപോലെ തോന്നി. എല്ലാവരും ഒരൊറ്റ വികാരത്തിലും ആകർഷണത്തിലും വലയം ചെയ്തിരുന്നു.' പറയുന്നു:'ഈ ജൽസ എനിക്ക് ഒരു സ്വപ്നത്തെക്കാൾ കുറവായിരുന്നില്ല.

ബൽഗേറിയാ(Bulgaria)യിൽ നിന്ന് ധാരാളമാളുകൾ വന്നിരുന്നു. അത് 76 പേരടങ്ങുന്ന സംഘമായിരുന്നു. അതിൽ 25 അഹ്മദികളുണ്ടായിരുന്നു. മറ്റുള്ളവരെല്ലാം അനഹ്മദികളായിരുന്നു. ഡോക്ടറും വ്യാപാരികളും സൈന്യത്തിലെ ഉയർന്ന റിട്ടയേർഡ് ഓഫീസർമാരും ഉണ്ടായിരുന്നു. ടീച്ചറുമുണ്ടായിരുന്നു. അവർ വിദ്യാസമ്പന്നരായിരുന്നു. ഒരു വനിത അതിഥി മേഗഡ സാഹിബ പറഞ്ഞു:'യൂറോപ്യൻ രാജ്യങ്ങളിൽ കണക്കറ്റ് വിദേശ അഭയാർഥികൾ വന്നുകൊണ്ടിരിക്കുന്നു. തദ്ദേശവാസികൾ അവരെ വെറുക്കുന്നു. ഒരു അസ്വസ്ഥതയുടെ അവസ്ഥയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പക്ഷേ, ഖലീഫ ഇതിനെക്കുറിച്ച് നല്കിയ മാർഗനിർദേശം മനസ്സുകൾക്ക് സമാധാനം പ്രദാനം ചെയ്യുന്നതാണ്. എല്ലാ അസ്വസ്ഥതകൾക്കുമുള്ള പരിഹാരമാണ്. ഇപ്രകാരം തന്നെ അവിടന്ന് പറഞ്ഞ സ്ത്രീകളുടേയും പുരുഷന്മാരുടേയും കടമകളിലും ഉത്തരവാദിത്വങ്ങളിലും ഞാൻ വളരെ ആകർഷിതയാണ്.

മാൾട്ടാ(Malta)യിൽനിന്നും ഒരു സംഘം വന്നിരുന്നു. അവരിൽ ഒരു ഡോക്ടറുമുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: 'ജൽസയിൽ പങ്കെടുത്തതിനും കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണങ്ങൾക്കും പ്രത്യേകിച്ചും രണ്ടാം ദിവസത്തെ അമുസ്‌ലീംകളോടുള്ള പ്രസംഗത്തിനും ശേഷം എനിക്കെന്റെ ചോദ്യങ്ങൾക്ക് മറുപടികൾ കിട്ടിയെന്ന് പറയാൻ കഴിയും.' പറയുന്നു:'അഹ്മദിയ്യാ ജമാഅത്ത് ജിഹാദിനു നല്കുന്ന വ്യാഖ്യാനം അതിനെ സംബന്ധിച്ച് ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ച് മുസ്‌ലീംകളെ പഠിപ്പിക്കേണ്ടതാണ്. ഇപ്രകാരംതന്നെ അമുസ്‌ലീംകൾക്കും ജിഹാദിന്റെ യാഥാർഥ്യം പറഞ്ഞു കൊടുക്കേണ്ടതാണ്.' പറയുന്നു:'മാൾട്ടയിലെ ജനങ്ങളെ അഹ്മദിയ്യത്തിനെക്കുറിച്ച് നല്ലവണ്ണം തബ്‌ലീഗ് ചെയ്യുന്നതാണ്. അഹ്മദിയ്യാ ജമാഅത്ത് സമർപിച്ചുകൊണ്ടിരിക്കുന്നതാണ് യഥാർഥ ഇസ്‌ലാമെന്ന് അവരോടു പറയുന്നതാണ്.'

ലാറ്റ്‌വിയാ(Latvijas)യിൽനിന്ന് വന്ന ഒരു വക്കീൽ ആറോർഡ് സാഹിബ് പറയുന്നു:'ആദ്യമായിട്ടാണ് ജൽസസാലാനയിൽ പങ്കെടുക്കാൻ അവസരം കിട്ടുന്നത്. ഞാൻ എന്റെ ജീവിതത്തിൽ നിങ്ങളെക്കാൾ കൂടുതൽ സ്നേഹിക്കുന്നവരേയും സഹായിക്കുന്നവരേയും സേവനം ചെയ്യുന്നവരേയും കണ്ടിട്ടില്ല. ജൽസസാലാനയിൽ പങ്കെടുത്തത് എനിക്ക് അഭിമാനത്തിന് കാരണമാണ്. മടങ്ങിപ്പോയി ഞാൻ എന്റെ ജീവിതത്തെ സംബന്ധിച്ച് വീണ്ടും ചിന്തിക്കുന്നതാണ്.'

ഒരു വനിത അതിഥി ടീനാ സാഹിബ പറയുന്നു:'ജൽസ

സാലാന ജർമനിയിൽ വനിതകളോടുള്ള പ്രസംഗത്തിൽ സ്ത്രീകളോടുള്ള കടമകളും അവരിൽ നബി(സ)തിരുമേനിയുടെ ഔദാര്യങ്ങളേയും കുറിച്ചുള്ള പ്രഭാഷണം എന്നെ വളരെ നല്ല നിലയിൽ സ്വാധീനച്ചു. സ്ത്രീകൾക്ക് ഇസ്‌ലാമിൽ എത്രകണ്ട് പ്രാധാന്യമുണ്ടെന്ന് ഇപ്പോൾ എനിക്ക് പറയാൻ കഴിയും.'

ബെൽജിയ(Belgium)ത്തിൽ നിന്ന് വന്ന ഒരു അനഹ്മദി അതിഥി-അവർ സെനഗൾ(Senegal) വാസിയാണ് പറയുന്നു: 'ഇവിടെ കണ്ട വ്യവസ്ഥ വേറെങ്ങും കണ്ടിട്ടില്ല. അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് ഇക്കാലത്ത് ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിച്ചു കാണുന്നത്.'

ലിത്വാനിയാ(Lithuania)യിൽ നിന്നുള്ള ഒരു വനിത അതിഥി പറയുന്നു:'ഞാൻ ഈ ദിനങ്ങളിൽ ഇസ്‌ലാമിനെക്കുറിച്ച് ഒരുപാട് പഠിച്ചു. ഇസ്‌ലാം മനുഷ്യരോടുള്ള കടമകൾ നിർവഹിക്കുന്നതിൽ പ്രത്യേകമായും ശ്രദ്ധ പതിപ്പിക്കുന്നുവെന്ന് മനസ്സിലായി. ഞാൻ മടങ്ങിപ്പോയാൽ അഹ്മദിയ്യത്തിന്റെ സന്ദേശം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുന്നതാണ്. ജൽസയിൽ പങ്കെടുത്ത് ഞാൻ എന്റെ ഉള്ളിൽ വളരെ വലിയ മാറ്റം അനുഭവിച്ചുകൊണ്ടിരിക്കുന്നു.'

ഒരു അതിഥി അദ്ദേഹം അക്കൗണ്ടന്റാണ് പറയുന്നു: 'ജൽസസാലാന മുസ്‌ലീംകളോടുള്ള സ്നേഹം എന്റെ മനസ്സിലുണ്ടാക്കി. മുസ്‌ലീംകൾ യുദ്ധമല്ല സമാധാനമാണ് ആഗ്രഹിക്കുന്നത്. ISIS ഇസ്‌ലാമിന്റെ ശരിയായ ചിത്രമല്ല സമർപിക്കുന്നത്.'

ജൽസാ ദിനങ്ങളിൽ നമ്മൾ ജൽസയുടെ അനുഗ്രഹങ്ങളിൽനിന്ന് കൃപാവരം പ്രാപിക്കുന്നതിനുംനമ്മുടെ ശിക്ഷണത്തിനും ഇതരരെ തബ്‌ലീഗ് ചെയ്യുന്നതിനും നിമിത്തമാകുന്നതോടൊപ്പം നമ്മുടെ കുറവുകളിലും ദൃഷ്ടി വെക്കേണ്ടതാണ്. എപ്പോഴും എല്ലാ കുറവുകളും പറഞ്ഞുകൊണ്ടിരിക്കേണ്ട ആവശ്യം എനിക്കില്ല. അല്ലെങ്കിൽ അത് അടയാളപ്പെടുത്തേണ്ട ആവശ്യമില്ല. പക്ഷേ, കുറവുകളും ന്യൂനതകളും ഉണ്ടാകുമെന്ന കാര്യം തീർച്ചയാണ്. ഒരു വ്യവസ്ഥയും ഒരിക്കലും സമ്പൂർണമാകുകയില്ല. അല്ലാഹു ന്യൂനതകൾ മറച്ചുവച്ചതിന് നമ്മൾ അല്ലാഹുവിനോടു നന്ദിയുള്ളവരാകുന്നതോടൊപ്പം ആത്മപരിശോധനയും നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. സംഘാടകർ കുറവുകളും ന്യൂനതകളും വിമർശനദൃഷ്ടിയോടെ നോക്കിക്കാണേണ്ടതാണ്. എവിടെയൊക്കെയാണ് കുറവുകളുണ്ടായിരുന്നതെന്ന് അന്വേഷിക്കുക. റെഡ്ബുക് വെക്കുക. അതിൽ അബദ്ധങ്ങൾ രേഖപ്പെടുത്തുക. ഭാവിയിൽ അതകറ്റാൻ ശ്രമിക്കുക. ഇപ്രകാരം നമ്മുടെ വ്യവസ്ഥയിൽ ഉയർച്ച ഉണ്ടാകുന്നതാണ്. ഇതുകഴിഞ്ഞാൽ എല്ലാ വകുപ്പുകളുടേയും മീറ്റിംഗ് നടത്തുകയെന്നത് അഫ്സർ ജൽസസാലാനയുടെ ജോലിയാണ്. അവരവരുടെ വകുപ്പിലെ കുറവുകൾ നോട്ടു ചെയ്തുവരാൻ അവരോടു പറയുക. എവിടെയൊക്കെയാണോ വീഴ്ചകൾ കാണുന്നത് അതു നോട്ടു ചെയ്തുകൊണ്ടുവരിക; പരസ്പരം ചർച്ച ചെയ്ത് അത് നല്ല നിലയിൽ പരിഹരിക്കാൻ. അങ്ങനെ അടുത്ത വർഷം നല്ല ഏർപാടുകൾ ചെയ്യാൻ. ജനങ്ങൾ എന്തെങ്കിലും പരിഷ്കരണം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ ശ്രദ്ധാർഹമായ കാര്യം മുന്നിൽ വന്നിട്ടുണ്ടെങ്കിൽ ക്ഷണത്തിൽ തുറന്ന ഹൃദയത്തിന്റെ പ്രകടനം കാഴ്ചവച്ചുകൊണ്ട് ആ പരാതി അകറ്റാൻ ഭാവിയിൽ ശക്തമായ പ്ലാനിംഗുണ്ടാവേണ്ടതാണ്. അല്ലാഹു എല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ.

ഈ പര്യടനവേളയിൽ എനിക്ക് കുറച്ച് മസ്ജിദുകളുടെ ശിലാകർമം നിർവഹിക്കാനും ഉൽഘാടനം ചെയ്യാനും അവസരം കിട്ടി. ഇതും തബ്‌ലീഗിനുള്ള മാർഗമായിത്തീരുന്നു. മറ്റു അതിഥികൾ വന്ന് ഇസ്‌ലാമിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കുമ്പോൾ ഇസ്‌ലാമികാധ്യാപനങ്ങളുടെ ഈ വശം തങ്ങൾക്ക് മുമ്പേ ഒരിക്കലും കാണിക്കപ്പെട്ടിട്ടില്ലെന്ന് പറഞ്ഞ് വലിയ അത്ഭുതം പ്രകടിപ്പിക്കാറുണ്ട്. ഈ നേരത്ത് ഇതിനെക്കുറിച്ചും ചില പ്രതികരണങ്ങൾ സമർപിക്കുകയാണ്.

ഒരു മസ്ജിദിന്റെ ഉൽഘാടനവേളയിൽ ഒരു സ്പെയിൻ കാരനായ(Espana)ക്രിസ്ത്യാനി പറയുന്നു:'എന്റെ മകൻ കുറച്ചുവർഷം മുമ്പേ അഹ്മദിയായിരുന്നു. അതുമുഖേന എനിക്ക് വളരെ പ്രയാസമുണ്ടായി. കാരണം ഞാൻ ഒരു കത്തോലിക്കൻ ക്രിസ്ത്യാനിയാണ്. എന്റെ മതത്തെ നിഷ്കർഷയോടെ പാലിക്കുന്നവനാണ്. എന്റെ മകൻ എവിടെയാണ് ചെന്നെത്തിയതെന്നോർത്ത് വളരെ ദുഃഖമുണ്ടായി. ഇസ്‌ലാമിനെ ഞാൻ അപകടകാരിയായിട്ടാണ് കാണുന്നത്. എന്തായാലും ഇന്ന് നിങ്ങളുടെ ഖലീഫയെ ഞാൻ കണ്ടു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ കേട്ടു. എനിക്ക് ഒരു യഥാർഥ സമാധാനം ബോധ്യപ്പെട്ടു. എന്റെ മകൻ നല്ല സ്ഥലത്ത് എത്തിയെന്ന കാര്യത്തിൽ എനിക്ക് തൃപ്തിയുണ്ട്.'

ഒരു വനിത അതിഥി കയ്റോല സാഹിബ പറയുന്നു: 'നിങ്ങളുടെ ഖലീഫയ്ക്ക് ആവർത്തിച്ചാവർത്തിച്ച് ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്ന് പറയേണ്ടിവന്നത് എനിക്ക് മോശമായി തോന്നി, ദുഃഖവുമുണ്ടായി. പക്ഷേ, ഇക്കാലത്ത് ഇസ്‌ലാമിനെക്കുറിച്ച് ലോകത്ത് തെറ്റായ പ്രചാരണമാണ് നടന്നുകൊണ്ടിരിക്കുന്നത്. എത്രമാത്രം തെറ്റായ കാര്യങ്ങളാണ് ഇസ്‌ലാമിനെകുറിച്ച് പ്രചരിപ്പിക്കപ്പെടുന്നതെന്നാൽ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിന് ആവർത്തിച്ചാവർത്തിച്ച് ഇക്കാര്യം പ്രകടിപ്പിച്ചുകൊണ്ടിരിക്കേണ്ടതും നിർബന്ധമാണെന്ന് ഞാൻ മനസ്സിലാക്കുന്നു.' അവർ പറഞ്ഞു: വളരെ സൂക്ഷ്മദൃഷ്ടിയോടെയാണ് അവർ ഇക്കാര്യം പറഞ്ഞത്: ഇസ്‌ലാം സമാധാനം പ്രചരിപ്പിക്കുന്ന മതമാണ്. അതിന്നെതിരിൽ തെളിവ് നല്കാൻ ആർക്കും സാധ്യമല്ല; ഇവിടെ വിവരിക്കപ്പെട്ടതുപോലെ.' പറയുന്നു: സന്ദേശം വളരെ ലളിതമാണ്. എല്ലാവരും പരസ്പരം ആലിംഗനബദ്ധരാവേണ്ടതാണ്. പരസ്പരം സ്നേഹത്തോടും സന്തോഷത്തോടുംകൂടി വസിക്കേണ്ടതാണ്.' വീണ്ടും പറയുന്നു:'എനിക്ക് അഹ്മദി മസ്ജിദിനോടു ഒരു തരത്തിലുള്ള പരാതിയുമില്ല. എന്നാൽ, ഒരു വിഷമം തീർച്ചയായുമുണ്ട്. ആ വിഷമം എന്താണെന്ന് വെച്ചാൽ മസ്ജിദിന്റേയും ചർച്ചിന്റേയും സ്ഥാനം ഒന്നാകുമ്പോൾ- മസ്ജിദ് മുസ്‌ലീംകളുടെ ആരാധനാ സ്ഥലമാണ്, ചർച്ച് ക്രിസ്ത്യാനികളുടെ ആരാധനാ സ്ഥലമാണ് ഒരേയൊരു സ്ഥാനമാണ്-എന്നിട്ടും ചർച്ചുകൾക്ക് നഗരത്തിന്റെ കേന്ദ്രത്തിൽ നിർമിക്കാൻ അനുവാദം കിട്ടുന്നു, മസ്ജിദുകൾക്ക് നഗരത്തിനു വെളിയിലും. നമസ്കാരക്കാർക്ക് ദൂരത്തുനിന്ന് വരേണ്ടിവരുന്നു. ഈ കൗൺസിൽ എന്തുകൊണ്ടാണ് നഗരത്തിൽ മസ്ജിദ് നിർമിക്കാൻ അനുവാദം നല്കാത്തത്.' മസ്ജിദ് നിർമിക്കുന്നതിന് എതിരുനിന്ന ആളുകൾതന്നെ ഇപ്പോൾ പ്രതികരിക്കാൻ

തുടങ്ങിയിരിക്കുന്നു. ഈ പരിപാടികൾ കാരണത്താൽ അവരിപ്പോൾ മസ്ജിദുകളെ പിന്താങ്ങുന്നു. മസ്ജിദുകളുടെ ഉൽഘാടനം കാരണത്താൽ നമ്മുടെ മസ്ജിദുകളും നഗരത്തിനുള്ളിൽ നിർമിക്കപ്പെടണമെന്ന് പറയാൻ തുടങ്ങിയിരിക്കുന്നു.

മേയർ സാഹിബ് പറഞ്ഞു:'നിങ്ങളുടെ ജമാഅത്തിനെ അറിയാമെന്ന നിലയിൽ എനിക്ക് ഒരു വേള വളരെ ഗർവായിരുന്നു. എന്നാൽ, ഇന്ന് ഇസ്‌ലാമിനെക്കുറിച്ചും പ്രത്യേകിച്ച് നിങ്ങളുടെ ഇസ്‌ലാമികമായ സഹതാപനിർഭര വികാരത്താൽ ലോകം മുഴുവനും ചെയ്യുന്ന സഹായത്തെ കുറിച്ചും കൂടുതൽ പഠിക്കാൻ അവസരം കിട്ടി. അതിപ്പോൾ ഞാൻ കുറച്ചു പറയുകയും ചെയ്തു.'പറയുന്നു:'ചർച്ചുകളേയും മറ്റുമതാനുയായികളേയും സംരക്ഷിക്കാൻ ഇസ്‌ലാം പഠിപ്പിക്കുന്നുവെന്ന് ഖലീഫ പറഞ്ഞതുകേട്ട് എനിക്ക് വളരെ സന്തോഷമുണ്ടായി.'

ഒരു അതിഥി മിസ്റ്റർ സ്റ്റീഫൻ പറയുന്നു:'ഇന്ന് ഞാൻ ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ നിയമങ്ങൾ പഠിച്ചു.'

ഒരു വനിത അതിഥി പറയുന്നു:'ഖലീഫയുടെ സന്ദേശം കേട്ടു. അയൽവാസികളെക്കുറിച്ചുള്ള ഇത്ര ഉന്നതമായ പാഠം മുമ്പേ ഒരിക്കലും ഞാൻ കേട്ടിട്ടില്ല. നിങ്ങളുടെ ഖലീഫ പറഞ്ഞതുപോലെ എല്ലാവരും തങ്ങളുടെ അയൽവാസികളോടുള്ള കടമകൾ നിറവേറ്റാൻ തുടങ്ങിയാൽ ഈ ലോകം സമാധാനത്തിന്റെ കളിത്തൊട്ടിലാകുന്നതാണ്.' പറയുന്നു:'സ്വന്തം ആവശ്യങ്ങൾ ഉന്നയിക്കുന്നതിനുപകരം മറ്റുള്ളവരുടെ അവകാശം നിറവേറ്റുക എന്ന് ഖലീഫ പറഞ്ഞു. തീർച്ചയായും ഇത് സമാധാന സംസ്ഥാപനത്തിനുള്ള സമ്പൂർണ അധ്യാപനമാകാവുന്നതാണ്.

ഒരു ജർമൻ വനിത പറഞ്ഞു: (ജർമൻ പുരുഷനല്ല) നിങ്ങളുടെ ഖലീഫ സ്ത്രീയും പുരുഷനും തമ്മിൽ കൈകൊടുക്കുന്നതിനെ സംബന്ധിച്ചുള്ള കാര്യം വളരെ വിശാലമായി വിവരിച്ചു. അദ്ദേഹത്തിന്റെ പ്രഭാഷണം കേൾക്കുക എന്നത് എനിക്ക് അന്തസിന് കാരണമായി.അദ്ദേഹം നല്കിയ തെളിവുകൾ ഖണ്ഡിക്കാൻസാധ്യമല്ല. ഖലീഫ തികച്ചും ശരിയാണ് പറഞ്ഞത്. സമാധാനം ഇഷ്ടപ്പെടുന്നവരും tolerant മായ സമൂഹത്തിൽ നമ്മൾ പരസ്പരമുള്ള വിശ്വാസാദരങ്ങൾ മാനിക്കേണ്ടതാണ്.'

അമീറുൽമുഅ്മിനീൻ പറഞ്ഞു:'ഒരുകാര്യം നമ്മൾ ഓർമിക്കേണ്ടതാണ്. മറ്റുള്ളവരുമായി സംസാരിക്കുമ്പോൾ, നമ്മുടെ ദീനിനേയും മതത്തേയും പാരമ്പര്യങ്ങളേയും കുറിച്ച് സംസാരിക്കുമ്പോൾ നിങ്ങൾ പറയുന്ന കാര്യങ്ങൾ അവർ ഉൾക്കൊള്ളാനും മറ്റുള്ളവരുടെ വികാരങ്ങൾ വ്രണപ്പെടാതിരിക്കാനും യുക്തിയോടുകൂടി സംസാരിക്കേണ്ടതാണ്.

ഓർക്കുക! നമ്മൾ ബലാൽക്കാരമായി ആരേയും വിശ്വസിപ്പിക്കേണ്ടതില്ല. എന്നാൽ, നമ്മുടെ അധ്യാപനങ്ങളിൽനിന്ന് പിന്മാറാനും പാടില്ല. ഒരു കാര്യത്തിലും, ദീനിന്റെ കാര്യത്തിലും നമ്മൾ ലജ്ജിക്കേണ്ട ആവശ്യവുമില്ല. ഇസ്‌ലാമിക അധ്യാപനം എത്രകണ്ട് ഉന്നതമാണെന്ന് പറഞ്ഞാൽ ഒരു അഹ്മദി പെൺകുട്ടിക്കും ആൺകുട്ടിക്കും സ്ത്രീക്കും പുരുഷനും അപകർഷതാബോധം ഉണ്ടാകേണ്ടതില്ല. നമുക്ക് ലോകത്തെ ഇസ്‌ലാമിന്റെ കൊടിക്കീഴിൽ കൊണ്ടുവരണമെങ്കിൽ നമുക്ക് എല്ലാ കാര്യങ്ങളിലും നമ്മുടെ കർമപരമായ മാതൃക സമർപിക്കേണ്ടിവരും. ധൈര്യവും കാണിക്കേണ്ടിവരും. ഒരു തരത്തിലുള്ള അപകർഷതാ ബോധത്തിനും അടിപ്പെടാതെ നമ്മുടെ അധ്യാപനങ്ങളുടെ ചെറുതിൽ ചെറുതായ ഭാഗമനുസരിച്ചുപോലും പ്രവർത്തിച്ചുകൊണ്ട് യൂറോപ്പിൽ വന്നിട്ടും നമുക്ക് ഇസ്‌ലാമികാധ്യാപനങ്ങളുടെ ഉന്നതിയെക്കുറിച്ച് അല്പംപോലും സംശയമോ സന്ദേഹമോ ഇല്ലെന്ന് ഇവരോടു പറയേണ്ടതാണ്. ഇപ്രകാരംതന്നെ പെൺകുട്ടികൾ തങ്ങളുടെ വസ്ത്രങ്ങളും പർദകളും ശ്രദ്ധിക്കുക. നിങ്ങളുടെ ചാരിത്രത്തിലും നിങ്ങളുടെ പവിത്രതയിലും ഒരു പോറലുമേല്ക്കാൻ അനുവദിക്കരുത്. ലജ്ന സംഘടന ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുക. ഇപ്രകാരംതന്നെ ഖുദ്ദാമുൽ അഹ്മദിയ്യായും ഖുദ്ദാമിന്റെ തർബിയ്യത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കുക. അൻസാറുല്ലായും തങ്ങളുടെ നിർബന്ധ കാര്യങ്ങളിൽ അലസരാവാൻ പാടില്ല. എല്ലാ സംഘടനകളും ജമാഅത്ത് വ്യവസ്ഥയും ജമാഅത്തംഗങ്ങളുടെ ബലഹീനതകളെ മുന്നിൽവച്ചുകൊണ്ട് അവരവരുടെ തർബിയ്യത്ത് പരിപാടികൾ സംഘടിപ്പിക്കുക. അതിന്റെ ഉദാത്തമായ ഫലങ്ങൾ കരസ്ഥമാക്കാൻ ശ്രമിക്കുക. അല്ലാഹു നമുക്കെല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ.

(വിവ: മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ)


Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)

at Baithu Subooh, Franka Fort (Garmany) – on 09.09.16

Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516



If Undelivered Please Return To

Ahmadiyya Muslim Jama'at

Baithul Quddoos, G.H.Road

Calicut - 673001,Kerala